# AMCSFNCK – Admission to B.Sc. Nursing Course 2017-18

## Notification: Fifth Centralised Online Counselling

## Rescheduled to 5 pm, 7th September (THU) 2017

## Due to the Extension of Joining time for Students in the Second Government Allotment by CEE

# ബി.എസ്.സി. നേഴ്സിങ്ങ് അഡ്മിഷൻ 2017-18

## അഞ്ചാമത്തെ ഓൺലൈൻ അലോട്ട്മെന്റ്

1. 2017-ലെ ബി.എസ്.സി. നേഴ്സിങ്ങ് പ്രവേശനത്തിന് മാനേജ്മെന്റ് കാറ്റഗറി സീറ്റുകളിലേക്ക് AMCSFNCK അസോസിയേഷന്റെ നാല് ഓൺലൈൻ അലോട്ട്മെന്റുകളും ഇതിനകം പൂർത്തിയായി.

2. AMCSFNCK അസോസിയേഷനു കീഴിലുള്ള 32 കോളേജുകളിലെ 50% സീറ്റുകളിലേക്കുൾപ്പടെ സംസ്ഥാനത്തെ ബി.എസ്.സി. നേഴ്സിങ്ങ് പ്രവേശനത്തിന് Commissioner of Entrance Examinations (CEE) നടത്തുന്ന സർക്കാർ അലോട്ട്മെന്റുകളുടെ സമയക്രമം G.O.(Rt.)No.2260/2017/H&FWD dated 11.08.2017 പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട് (സർക്കാർ അലോട്ട്മെന്റുകളെ സംബന്ധിച്ച വിശദാംശങ്ങൾക്ക് CEE വെബ്സൈറ്റ് http://www.cee-kerala.org/index.php/npm/2017 സന്ദർശിക്കുക). സർക്കാർ അലോട്ട്മെന്റുകളുടെ പുതുക്കിയ സമയക്രമം അനുസരിച്ച് **2017 ആഗസ്റ്റ് 29–ാം** തിയ്യതിക്കുമുമ്പ് പൂർത്തീകരിക്കുന്ന രണ്ട് ഘട്ടം ഓൺലൈൻ അലോട്ടമെന്റുകളും **2017 സെപ്റ്റംബർ 15–ാം** തിയ്യതിക്കുമുമ്പ് പൂർത്തീകരിക്കുന്ന ഒരു സ്പോട്ട് അലോട്ട്മെന്റുമാണുണ്ടായിരിക്കുക. **എന്നാൽ CEE നടത്തിയ രണ്ടാമത്തെ സർക്കാർ അലോട്ട്മെന്റ് പ്രകാരം കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 31–ാം തീയതിയിലേക്ക് നീട്ടിയിരിക്കുന്നു.**

3. ഇതനുസരിച്ച്, **AMCSFNCK** അസോസിയേഷന്റെ 2017-ലെ ബി.എസ്.സി. നേഴ്സിങ്ങ് മാനേജ്മെന്റ് കാറ്റഗറി സീറ്റുകളിലേക്കുള്ള പ്രവേശന നടപടികളിൽ താഴെപ്പറയുന്ന പുന:ക്രമീകരണം വരുത്തിയിരിക്കുന്നു:

   i. 2017-18 വർഷത്തെ ബി.എസ്.സി. നേഴ്സിംഗ് പ്രവേശനത്തിന് AMCSFNCK അസോസിയേഷനു കീഴിലുള്ള 32 കോളേജുകളിൽ **2017 ആഗസ്റ്റ് 31–ാം തിയ്യതിവരേയും** ഒഴിവു വരുന്ന മാനേജ്മെന്റ് കാറ്റഗറി സീറ്റുകളിലേക്ക് **അഞ്ചാമതൊരു ഓൺലൈൻ അലോട്ട്മെന്റ് കൂടി സെപ്റ്റംബർ 07–ന് വൈകീട്ട് 05 മണിക്ക്** വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

ii. **Higher Options:** നേരത്തെ നടന്ന അലോട്ട്മെന്റുകളിൽ പ്രവേശനം നേടിയ വരും, എന്നാൽ Higher Option റദ്ദ് (Cancel) ചെയ്യാത്തവരുമായ അപേക്ഷകർ അഞ്ചാമത്തെ അലോട്ട്മെന്റിൽ പ്രസിദ്ധീകരിക്കുന്ന ക്രമമനുസരിച്ച് പുതുതായി അലോട്ട് ചെയ്യുന്ന കോളേജിലേക്ക് നിർബന്ധമായും മാറേണ്ടതാണ്.

iii. **Cancellation of Admission & Refund of Fees:** സർക്കാർ പ്രസിദ്ധീകരിച്ച ബി.എസ്.സി. നേഴ്സിങ്ങിന്റെ പുതുക്കിയ പ്രവേശന സമയക്രമമനുസരിച്ച് **2017 സെപ്തംബർ 15** വരെയായിരിക്കും അസോസിയേഷനു കീഴിലുള്ള കോളേജുകളിലേക്ക് C.E.E., Kerala വഴി ഗവൺമെന്റ് അലോട്ട്മെന്റുകൾ നടത്തുക. അതിനാൽ, ഏതെങ്കിലും കാരണത്താൽ പ്രവേശനം നേടിയ കോളേജിൽ നിന്നും പ്രവേശനം റദ്ദ് ചെയ്ത് സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങാനാഗ്രഹിക്കുന്നവർക്ക് **2017 സെപ്തംബർ 15** വരെ അതിന് അവസരം ഉണ്ടായിരിക്കും. അപ്രകാരം പോകുന്നവർക്ക് പ്രവേശന ഫീസായി 1,000/- രൂപ കഴിച്ച് ബാക്കി 54,000/- രൂപ ഫീസും തിരികെ കിട്ടുന്നതാണ്.

iv. **2017 സെപ്തംബർ 15** ന് മുമ്പ് C.E.E., Kerala വഴി ഗവൺമെന്റ് അലോട്ട്മെന്റ് ലഭിച്ചതുകൊണ്ട് കോളേജിൽ നിന്നും T.C. (വിടുതൽ സർട്ടിഫിക്കറ്റ്) അപേക്ഷിക്കുന്നവർക്ക് പ്രവേശന ഫീസടക്കം മുഴുവൻ ഫീസും തിരികെ ലഭിക്കുന്നതാണ് (ഗവൺമെന്റ് അലോട്ട്മെന്റ് ഓർഡറിന്റെ കോപ്പിയും കൂടി, വിടുതൽ അപേക്ഷയോടൊപ്പം സമർപ്പിക്കണം).

v. C.E.E. നടത്തുന്ന ഗവൺമെന്റ് അലോട്ട്മെന്റിൽ ഒഴിവു വരുന്നതുൾപ്പടെ, AMCSFNCK അസോസിയേഷനു കീഴിലുള്ള 32 കോളേജുകളിലും **2017 സെപ്തംബർ 15-ാം** തിയ്യതി വൈകീട്ട് 05:00 മണിവരെയ്ക്കും ഒഴിവു വരുന്ന എല്ലാ ബി.എസ്.സി. നേഴ്സിംഗ് സീറ്റുകളിലേക്കും അവസാനഘട്ട സ്പോട്ട് കൗൺസിലിങ്ങിൽ അലോട്ടമെന്റ് നടത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതാണ്. കോളേജുകളിൽ ഒഴിവുവരുന്ന സീറ്റുകളുടെ ലഭ്യതയ്ക്കനുസരിച്ച് ഹാജരായിട്ടുള്ളവരുടെ AMCSFNCK ഓപ്പൺ മെറിറ്റ് റാങ്ക് ക്രമത്തിലാണ് അവസാനഘട്ട സ്പോട്ട് കൗൺസിലിങ്ങും പ്രവേശനവും നടക്കുക. ഒഴിവുള്ള എല്ലാ സീറ്റുകളിലും പ്രവേശനം പൂർത്തിയാകുന്ന റാങ്കിൽ വച്ച് അവസാനഘട്ട സ്പോട്ട് കൗൺസിലിങ്ങ് സമാപിക്കുന്നതാണ്.

**അവസാനഘട്ട സ്പോട്ട് കൗൺസിലിങ്ങ് 2017 സെപ്റ്റംബർ 18 (തിങ്കൾ), 20 (ബുധൻ) തിയ്യതികളിൽ നടത്തുവാനാണ് താല്കാലികമായി നിശ്ചയിച്ചിരിക്കുന്നത്. വിശദമായ സമയക്രമവും സ്ഥലവും ഒഴിവുള്ള സീറ്റുകളുടെ വിശദാംശങ്ങളും അപേക്ഷകർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും അസോസിയേഷൻ വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.**

**2017 ആഗസ്റ്റ് 30** **കോർഡിനേറ്റർ**

**കൂടുതൽ വിവരങ്ങൾക്ക് www.amcsfnck.com സന്ദർശിക്കുക**